**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബി.പി.എൽ. സർവ്വേ - 2009 സംസ്ഥാനത്തെ പാർട്ട് ടൈം ജീവനക്കാരുടെ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ).223/2014/തസ്വഭവ തീയതി,തിരുവനന്തപുരം, 12.12.2014

================================================================================

**പരാമർശം:** 1. 14.01.2014 ലെ സ.ഉ.(കൈ)നം.16/11/തസ്വഭവ ഉത്തരവ്.
2. 27.04.2012 ലെ സ.ഉ.(കൈ)നം.112/12/തസ്വഭവ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്ത് 2009 ൽ നടത്തിയ ബി.പി.എൽ. സർവ്വേയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും പരാമർശം(1)ലെ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നു. പരാമർശം(2)ലെ ഉത്തരവ് പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പാർട്ട് ടൈം ജീവനക്കാരുടെ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, ഒഴിവാക്കുന്നതിനും നിലവിൽ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ പാർട്ട് ടൈം ജീവനക്കാരുടെ കുടുംബങ്ങളെ ബി.പി.എൽ.പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയും പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പാർട്ട് ടൈം ജീവനക്കാരനും/ജീവനക്കാരിയും അവരെ ആശ്രയിച്ചു ജീവിക്കുന്ന ഭാര്യ/ഭർത്താവ്, മക്കൾ എന്നിവരെ ഒരു പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ. പട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണ്. ഇതേ കുടുംബത്തിലുള്ള പാർട്ട് ടൈം ജീവനക്കാരന്റെ/ജീവനക്കാരിയുടെ മാതാപിതാക്കൾ, തൊഴിൽ രഹിതരായ സഹോദരങ്ങൾ തുടങ്ങിയവരെ പ്രത്യേക കുടുംബമായി കണക്കാക്കി അർഹതയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്/ നഗരസഭയ്ക്ക് ഇതിന് അധികാരം ഉണ്ടായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.രാജൻ ഖോബ്രാഗഡെ ഐ.എ.എസ്.,
സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

4. എല്ലാ ജില്ലാകളക്ടർമാർക്കും
5. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. സെക്രട്ടറി, ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ നഗരസഭ/മുൻസിപ്പൽ അദ്ധ്യക്ഷൻമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
10. ജില്ലാ പ്ലാനിംങ് ഓഫീസർമാർ
11. ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
12. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
13. ഭക്ഷ്യ പൊതുവിതരണ(ബി)വകുപ്പ്
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ